"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ജലവിഭവ വകുപ്പ് - വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട ഗംഗയാർ തോടിന്റെ ശുചീകരണത്തിനും പുനരുദ്ധരണത്തിനുമായുള്ള പ്രവൃത്തിയുടെ ടെണ്ടർ എക്സസ് -അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജലവിഭവ (എം.ഐ) വകുപ്പ്

സ.ഉ.(സാധാ) നം.427/2021/ജ.വി.വ തീയതി,തിരുവനന്തപുരം, 18/08/2021

---

പരാമർശം:-

1. മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 23.10.2020 ലെ സ.ഉ(സാധാ) നമ്പർ. 618/2020/മതുവ.
2. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 20.02.2021 തീയതിയിലെ ഡബ്ല്യു1/ എ എസ്/14920/2020 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ലെ ഉത്തരവു പ്രകാരം വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസ പദ്ധതികളിൽ ഉൾപ്പെടുത്തി 89 ലക്ഷം രൂപ എസ്റ്റിമേറ്റ് വരുന്ന ഗംഗയാർ തോടിന്റെ നവീകരണം നടപ്പിലാക്കുന്നതിന് അനുമതി നല്കുകയുണ്ടായി.

ടി പ്രവൃത്തിയ്ക്കായി 2 പ്രാവശ്യം ടെണ്ടർ ക്ഷണിച്ചപ്പോഴും ലേലക്കാരുടെ പ്രതികരണം ഒന്നും ലഭിക്കാത്തതിനാൽ 3-ാം ടെണ്ടർ ക്ഷണിക്കുകയും 2 ലേലക്കാർ പങ്കെടുക്കുകയും ഏറ്റവും കുറഞ്ഞ തുക (1,05,480,09.03/- (ഒരു കോടി അഞ്ച് ലക്ഷത്തി നാല്പത്തിയെണ്ണായിരത്തി ഒൻപത് രൂപ മൂന്ന് പൈസ) ക്വാട്ട് ചെയ്തത് L1 കരാറുകാരനായ ശ്രീ. വിനോദ് കുമാറാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു. അതായത് എസ്റ്റിമേറ്റ് തുകയായ 79,46,367.89/- (എഴുപത്തി ഒൻപത് ലക്ഷത്തി നാൽപ്പത്തി ആറായിരത്തി മുന്നൂറ്റി അറുപത്തി ഏഴ് രൂപ എൺപത്തി ഒൻപത് പൈസ) രൂപയേക്കാൾ 32.74% കൂടുതലാണ്.

നിലവിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് അതോറിറ്റി ടി പ്രവൃത്തിയ്ക്കായി നേരത്തെതന്നെ നിക്ഷേപിച്ചിട്ടുള്ള 89,00,000 രൂപ കൂടാതെ അധികരിച്ച ടെണ്ടർ തുകയും അതിന്മേലുള്ള 12% ജി.എസ്.ടിയും ഉൾപ്പടെ 29,13,770/- (ഇരുപത്തി ഒൻപത് ലക്ഷത്തി പതിമൂവായിരത്തി എഴുന്നൂറ്റി എഴുപത് രൂപ) രൂപ അധികമായി ആവിശ്യപെട്ടിട്ടുണ്ടെന്നും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് അതോറിറ്റി അധിക തുകയായ 29,13,770/- (ഇരുപത്തി ഒൻപത് ലക്ഷത്തി പതിമൂവായിരത്തി എഴുന്നൂറ്റി എഴുപത് ) രൂപ അതായത് 32.74% ടെൻഡർ എക്സ്സ് വഹിക്കാമെന്ന് സമ്മതിച്ചിട്ടുള്ളതായും ടെൻഡർ എക്സ്സ് തുക അംഗീകരിക്കണമെന്നും സൂചന (2) പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗംഗയാർതോടിന്റെ സുഗമമായ നീരൊഴുക്ക് ഉറപ്പാക്കുന്നതിനായി, അതിന്റെ ശുചീകരണവും പുനരുദ്ധാരണത്തിനുമായുള്ള പ്രവർത്തിയുടെ ടെണ്ടർ എക്സസ്സ് നിർദ്ദേശം ന്യായമായ നിരക്കിലാണെന്നും, L1 Quote ചെയ്ത അളവുകളും ചീഫ് എഞ്ചിനീയർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടായിരിക്കുകയില്ലെന്ന ഉപാധികളോടെ ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് മേൽ പ്രവൃത്തിയുടെ അധികരിച്ച ടെണ്ടർ തുക അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.കെ.ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ.ഇ / ആഡിറ്റ്) കേരളം, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (നം.E.1712980/Agri- A1/53/2021/Fin തീയതി 15.06.2021)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പിന്
5. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ പി.എസ്സ്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്
ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ പി.എസ്സ്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-08-2021

ഫയൽ നം. എം.ഐ.3/35/2021/ജവിവ. ഇനം നം: 196

വിഷയം : ജലവിഭവ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗംഗയാർ തോടിന്റെ സുഗമമായ നീരൊഴുക്ക് ഉറപ്പാക്കുന്നതിനായി അതിന്റെ ശുചീകരണവും പുനരുദ്ധാരണത്തിനുമായുള്ള പ്രവർത്തിയുടെ ടെണ്ടർ എക്സസ് നിർദ്ദേശം അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

JS(MI)
Please issue orders today itself

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

18/8/2021

18/8/2021

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എം.ഐ 3/35/2021/ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (എം.ഐ) വകുപ്പ് |
| 3. | വിഷയം | : | വിഴിഞ്ഞം അന്താരാഷ്ട്രാ തുറമുഖത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗംഗയാർ തോടിന്റെ സുഗമമായ നീരൊഴുക്ക് ഉറപ്പാക്കുന്നതിനായി അതിന്റെ ശുചീകരണവും പുനരുദ്ധാരണത്തിനു മായുള്ള പ്രവർത്തിയുടെ ടെണ്ടർ എക്സസ് നിർദ്ദേശം അംഗീകരിക്കു ന്നത്- സംബന്ധിച്ച് |
| 4. | മന്ത്രി സഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17.07.2021 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.റജീന ബീഗം.എം.എ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറി യുടെ പേര് | : | ശ്രീ.റ്റി.കെ.ജോസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/08/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14/08/2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12/08/2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16/08/2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 18/08/2021 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | സ.ഉ (സാധാ) നം.427/2021-ജവിവ, 18/08/2021 |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. കോവളം നിയോജകമണ്ഡലത്തിലെ വിഴിഞ്ഞം ഗംഗയാർതോട് വൃത്തിയാക്കുന്നതിനും പുനരുദ്ധാരണവും സംബന്ധിച്ച പ്രവൃത്തികളുടെ അധികരിച്ച ടെണ്ടർ തുക അംഗീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾ തൃപ്തികരമല്ല എന്നാരോപിച്ചുകൊണ്ട് കോട്ടപ്പുറം ഇടവകയുടെ നേതൃത്വത്തിൽ പദ്ധതി പ്രദേശത്ത് സമരം നടത്തുകയും തുറമുഖത്തിന്റെ പണി തടസ്സപ്പെട്ടുകയുമുണ്ടായി. ഈ സാഹചര്യത്തിൽ 15/10/2020 തുറമുഖ വകുപ്പ് സെക്രട്ടറി സമരക്കാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കൈകൊണ്ട പുനരധിവാസ പദ്ധതികളിൽ ഉൾപ്പെട്ടതാണ് ഗംഗയാർതോടിന്റെ നവീകരണം. ഗംഗയാർതോടിന്റെയും വിഴിഞ്ഞം കടലിന്റെയും സംഗമസ്ഥലത്ത് വൻരീതിയിൽ മണൽ അടിഞ്ഞു കൂടുന്നത് നിമിത്തം മൺസൂൺ കാലത്ത് കടുത്ത വെള്ളപ്പൊക്കമുണ്ടാകുകയും പരിസരവാസികൾക്ക് അത് ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇതിന് ശാശ്വതപരിഹാരമായി കോർമതിൽ നിർമ്മിക്കുന്നതിനുള്ള 89 ലക്ഷം രൂപയുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) ചെറുകിട ജലസേചന വിഭാഗം തയ്യാറാക്കുകയും മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പിന്റെ 23/10/2020 ലെ സർക്കാർ ഉത്തരവ് (സാധ) നമ്പർ 618/2020/മതുവ പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു.

3. ടി പ്രവൃത്തി ഡപ്പോസിറ്റ് വർക്കായതിനാൽ ടി ഉത്തരവു പ്രകാരം 89 ലക്ഷം രൂപ വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ടും അദാനി വിഴിഞ്ഞം പോർട്ട് ലിമിറ്റഡും സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം തുല്യമായി ചെലവഴിക്കേണ്ടതുണ്ട്.

4. മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് 10/12/2020 ലെ KL014096139202021M നമ്പർ ചെല്ലാൻ പ്രകാരം 44,50,000/- (നാൽപ്പത്തിനാല്ല ലക്ഷത്തി അൻപതിനായിരം) രൂപയും 16/12/2020 ലെ KL014421656202021M നമ്പർ ചെല്ലാൻ പ്രകാരം 44,50,000/- (നാൽപ്പത്തിനാല്ല ലക്ഷത്തി അൻപതിനായിരം) രൂപയും പ്രസ്തുത പ്രവർത്തിയ്ക്കായി ഒടുക്കുകയുണ്ടായി.

5. തുടർന്ന് ബന്ധപ്പെട്ട തിരുവനന്തപുരം മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇനം തിരിച്ചുള്ള കരാർ അടിസ്ഥാനത്തിൽ) 2 പ്രാവശ്യം വീണ്ടും ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ലേലക്കാരുടെ പ്രതികരണം ഒന്നും ലഭിക്കാത്തതിനാൽ അപ്രകാരം 3-ാം ടെണ്ടർ ക്ഷണിക്കുകയും 2 ലേലക്കാർ പങ്കെടുക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത് കരാറുകാരനായ ശ്രീ. വിനോദ് കുമാറുമായി 1,05,480,09.03/- (ഒരു കോടി അഞ്ച് ലക്ഷത്തി നാല്പത്തിയെണ്ണായിരത്തി ഒൻപത് രൂപ മൂന്ന് പൈസ) രൂപയ്ക്ക് എഗ്രിമെന്റ് വെക്കുകയും ചെയ്തു. അതായത് എസ്റ്റിമേറ്റ് തുകയായ 79,46,367.89/- (എഴുപത്തി ഒൻപത് ലക്ഷത്തി നാൽപ്പത്തി ആറായിരത്തി മുന്നൂറ്റി അറുപത്തി ഏഴ് രൂപ എൺപത്തി ഒൻപത് പൈസ) രൂപയേക്കാൾ 32.74% കൂടുതലാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും ലഭിച്ച കംപാരിസൺ സ്റ്റേറ്റ്മെന്റ് പ്രകാരം നിലവിലെ പ്രാദേശിക മാർക്കറ്റ് നിരക്ക് 1,09,93,447.42/- (ഒരു കോടി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി നാന്നൂറ്റി നാൽപ്പത്തി ഏഴ് രൂപ നാൽപ്പത്തി രണ്ട് പൈസ) രൂപയാണ്.

6. നിലവിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് അതോറിറ്റി ടി പ്രവൃത്തിയ്ക്കായി നേരത്തെതന്നെ നിക്ഷേപിച്ചിട്ടുള്ള 89,00,000 രൂപ കൂടാതെ അധികരിച്ച ടെണ്ടർ തുകയും അതിന്മേലുള്ള 12% ജി.എസ്.ടിയും ഉൾപ്പടെ 29,13,770/- (ഇരുപത്തി ഒൻപത് ലക്ഷത്തി പതിമൂവായിരത്തി എഴുന്നൂറ്റി എഴുപത് രൂപ) രൂപ അധികമായി ആവശ്യപ്പെട്ടിട്ടുണ്ട്. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് അതോറിറ്റി അധികതുകയായ 29,13,770/- (ഇരുപത്തി ഒൻപത് ലക്ഷത്തി പതിമൂവായിരത്തി എഴുന്നൂറ്റി എഴുപത് രൂപ) രൂപ അതായത് 32.74% ടെണ്ടർ എക്സസ് വഹിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ടെണ്ടർ എക്സസ് തുക അംഗീകരിക്കണമെന്ന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറും അപേക്ഷിക്കുകയുണ്ടായി.

7. ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് അയയ്ക്കുകയും ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

""Administrative Department is requested to consider the proposal as a special case by placing the proposal before the Council of Ministers for approval subject to the condition that the reasonableness of the rates, agreement quantities quoted by L1 shall be examined and confirmed by CE and also no additional commitment to State Government."

8. ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം ഫയൽ ഉത്തരവിനായി ബഹു.ജലവിഭവ വകുപ്പ് മന്ത്രി മഖേന ബഹു. മുഖ്യമന്ത്രിക്ക് സംക്രമണം ചെയ്യുകയുണ്ടായി. ബഹു.മുഖ്യമന്ത്രി മേൽവിഷയം മന്ത്രി സഭയുടെ മുമ്പാകെ വെയ്ക്കാൻ ഉത്തരവായിട്ടുണ്ട്.

9. ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

## തീരുമാനിക്കേണ്ട കാര്യം

വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗംഗയാർതോടിന്റെ സുഗമമായ നീരൊഴുക്ക് ഉറപ്പാക്കുന്നതിനായി, അതിന്റെ ശുചീകരണവും പുനരുദ്ധാരണത്തിനുമായുള്ള പ്രവർത്തിയുടെ ടെണ്ടർ എക്സസ്സ് നിർദ്ദേശം ന്യായമായ നിരക്കിലാണെന്നും, കരാറിൽ L1 Quote ചെയ്ത അളവുകളും ചീഫ് എഞ്ചിനീയർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടായിരിക്കുകയില്ലെന്ന ഉപാധികളോടെ ഒരു പ്രത്യേക കേസ്സായി അംഗീകരിക്കാമോ?

# GOVERNMENT OF KERALA
# (SHRI. PINARAYI VIJAYAN MINISTRY)
## Note for the Council of Ministers

| | | |
|---|---|---|
| 1. | File No. | MI3/35/2021/WRD |
| 2. | Department | Water Resources (MI) Department |
| 3. | Subject | Tender Excess proposal for cleaning and restoration works for ensuring smooth flow of Gangayar thodu in connection with the construction of Vizhinjam International Seaport- Approval-regarding |
| 4. | Date of Chief Minister's order for placing before the Council | 17/07/2021 |
| 5 | (i) Does the case involve financial commitments/ implications | No |
| | (ii) If the answer to the above is in the affirmative, whether Finance Dept. been consulted and their remarks incorporated in the Council Note. | |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | No. |
| 7. | Name of Joint Secretary who submitted the Draft Note. | Smt.Rajeena Beegum M A |
| 8. | Name of ACS who approved the Draft Note. | Sri.T.K Jose |
| 9. | Date of approval of the Draft note for the Council by the Secretary. | 09/08/2021 |
| 10. | Name of Chief Secretary who approved the Draft Note. | Dr.V.P.Joy |
| 11. | Date of approval of the Draft Note for the Council by the Chief Secretary. | 14/08/2021 |
| 12. | Name of Minister who approved the Draft note. | Sri.Roshy Augustine |
| 13. | Date of approval of the Draft Note for the Council by the Minister | 12/08/2021 |
| 14. | Date of Submission of Fair Copies | 16/08/2021 |
| 15. | Date of decision by the Council of Ministers. | 18/08/2021 |
| 16. | Number and date of the G.O./letter communicating the decision. | G.O(Rt) No.427/2021-WRD, 18/08/2021 |

## NOTES FOR THE COUNCIL OF MINISTERS

1. This note dealt with the excess tender proposal on "Cleaning and restoration works for ensuring smooth flow of Gangayar thodu in Kovalam Legislative Assembly".

2. Kottapuram Parish led a strike in the project area alleging that the rehabilitation work related to the construction of Vizhinjam Sea Port was not satisfactory and thus the construction work was interrupted. In this circumstances, Secretary, Ports Department held discussion with the protesters on 15/10/2020 and decided to undertake the rehabilitation projects which included the Gangayarthode renovation works. The Minor Irrigation Division has prepared a Detailed Project Report (DPR) of ₹89 lakh for construction of core wall as a permanent solution to the problem of severe flooding during the monsoon season due to heavy sand accumulation at the confluence of Gangayar River and Vizhinjam Sea and Administrative Sanction has been granted as per GO(Rt) No. 618/2020 /FPD of the Department of Fisheries dated 23/10/2020.

3. Since the work is a deposit work, Vizhinjam International Seaport (VISL) and Adani Vizhinjam Port Ltd (AVPL) have to spend Rs 89 lakh equally under the Social Responsibility Scheme (CSR) as per the order .

4. As per the above order amount was remitted by VISL vide challan No. KL014096139202021M dated 10.12.2020 for Rs. 44,50,000/- (Forty four Lakhs Fifty Thousand) and KL014421656202021M dated 16.12.2020 for Rs. 44,50,000/- (Fortyfour Lakhs Fifty Thousand).

5. Accordingly the work (in item rate contract basis) was tendered by the Executive Engineer, Minor Irrigation Division. Thiruvananthapuram and re-tendered 2 times due to non response of bidders. While inviting 3rd tender, 2 successive bidders were participated and Sri.T.Vinod kumar, Government contractor comes as L1 with a quoted amount of Rs. 1,05,480,09.03/-(One Crore Five Lakh forty eight thousand nine Rupees and three paise) which is 32.74% above the estimated amount of Rs. 79,46,367.89 (Seventy nine lakhs forty six thousand three hundred sixty seven Rupees and eighty nine paise). As per comparison statement received from the Superintending Engineer, the total amount as per present Local Market rate (LMR) comes to Rs.1,09,93,447.42.( One Crore nine lakh nintythree thousand four hundred fortyseven Rupees and fortytwo paise)

6. At present Vizhinjam International Sea Port Authority has invested ₹89 lakh (Eightynine Lakh) for the work. Due to this tender excess including 12% GST an amount of Rs.29,13,770/ -(Twenty nine lakhs thirteen thousand seven hundred and seventy rupees) is required. M/s VISL agreed to bear the excess amount of Rs. 29,13,770/-ie.tender excess @32.74% (Twenty nine lakhs thirteen thousand seven hundred and seventy rupees). CE(I&A) has requested Government to approve the Tender Excess.

7. When the file was forwarded to Finance Department for their remarks, that Department remarked as follows-

**"Administrative Department is requested to consider the proposal as a special case by placing the proposal before the Council of Ministers for approval subject to the condition that the reasonableness of the rates, agreement quantities quoted by L1 shall be examined and confirmed by CE and also no additional commitment to State Government."**

8. Based on the remarks of Finance Department, file was circulated to Hon'ble Chief Minister through the Hon'ble Minister for Water Resources, for orders.

*9. The Hon'ble Chief Minister has ordered to place the matter before the Council of Ministers.*

**Point for Decision**

Whether the tender excess proposal for the work "Cleaning and restoration works for ensuring smooth flow of Gangayar thodu in connection with the construction of Vizhinjam International Seaport" may be approved subject to the condition that the reasonableness of the rates, agreement quantities quoted by L1 shall be examined and confirmed by CE and also no commitment to State Government as a Special Case?